ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തിക്കാത്ത റസ്റ്റ് ഹൗസുകൾ

69 [5048] ശ്രീ. കെ. എ. ചന്ദ്രൻ:
,, എ. കെ. മണി:
,, സി. പി. മുഹമ്മദ്:
,, വി. ബാലറാം:
,, കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കെട്ടിടം നിർമ്മിച്ച് ഉദ്ഘാടനം നടത്തിയ എത്ര റസ്റ്റ് ഹൗസുകൾ പ്രവർത്തിക്കാതെയുണ്ട്;

(ബി) ഇവ പ്രവർത്തിക്കാത്തതിനുള്ള കാരണമെന്ത്;

(സി) ഇവ നിർമ്മിക്കുന്നതിന് എത്ര ചെലവ് വന്നു;

(ഡി) ഇവ പ്രവർത്തിപ്പിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) സൗത്ത് സർക്കിൾ—പാലോട്, ശാസ്താംകോട്ട
സെൻട്രൽ സർക്കിൾ—ഏലപ്പാറ, കുമിളി
നോർത്ത് സർക്കിൾ—ആലത്തൂർ, വടക്കഞ്ചേരി

(ബി) ഫർണ്ണിച്ചറിന്റേയും ജീവനക്കാരുടേയും വൈദ്യുതിയുടേയും അഭാവം മൂലമാണ് പ്രവർത്തിക്കാത്തത്.

(സി)

പാലോട്	:	15.68 ലക്ഷം രൂപ
ശാസ്താംകോട്ട	:	31.55 ലക്ഷം രൂപ
ആലത്തൂർ	:	28.17 ലക്ഷം രൂപ
വടക്കഞ്ചേരി	:	17.71 ലക്ഷം രൂപ
ഏലപ്പാറ	:	30.58 ലക്ഷം രൂപ
കുമിളി	:	30.80 ലക്ഷം രൂപ

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

റസ്റ്റ് ഹൗസുകളിലെ വാടക നിരക്ക്

70 [5049] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ളിയു.ഡി.-യുടെ റസ്റ്റ് ഹൗസുകളിലെ റൂമുകളുടെ നിലവിലുള്ള വാടക നിരക്ക് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് സൗജന്യ നിരക്ക് അനുവദിച്ചിട്ടുള്ളത്; സൗജന്യ നിരക്കനുവദിച്ച വിഭാഗക്കാരുടെ പട്ടിക ഉൾപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly